

# എൻ എസ്സ് എസ്സ് ഹയർ സെക്കന്ററി സ്കൂൾ കോട്ടയം

# വൈഖരി


**സ്കൂൾ നേതൃത്വം**


| | | |
|---|---|---|
| പ്രിൻസിപ്പൽ | : | സുജ രഘുനാഥ് |
| പ്രധാന അദ്ധ്യാപിക | : | ജ്യോതി ടി എസ് |
| പി.ടി.എ. പ്രസിഡണ്ട് | : | ബിജുമോൻ വി |
| എം.പി.ടി.എ. പ്രസിഡണ്ട് | : | മനീഷ അജി |

കരയുന്നവനു
ജീവിക്കാനുള്ള
ലോകമല്ല ഇത്.
പൗരുഷത്തോടെ
കാര്യം പറയുന്ന
ധൈര്യശാലികൾക്കു
മാത്രമേ ജീവിക്കാൻ
മാർഗ്ഗമൊള്ളൂ.!

മന്നത്ത് പത്മനാഭൻ






"വിദ്യാഭ്യാസം എന്നാൽ
എഴുത്തും വായനയും
പഠിക്കുക എന്നതല്ല.
അത് പ്രതിസന്ധികളെ
തരണം ചെയ്യാനുള്ള
കരുത്താർജിക്കലാണ്"
- ഗാന്ധിജി -

# പ്രധാന അധ്യാപികയുടെ സന്ദേശം

കോട്ടയം എൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് വൈഖരി" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു.വിപുലമായ ഉള്ളടക്കത്തോടുകൂടിയ ഈ മാഗസിൻ യാഥാർത്ഥ്യമാക്കിയ കുട്ടികൾക്കും അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ.

ജ്യോതി. ടി. എസ്

ഹെഡ് മിസ് ട്രസ്





# Message

Today the world is at our finger tip. I am very glad to know that little kites of NSS HSS Kottayam is publishing a magazine.

It is present to know that the Magazine 'Vaikhari' will provide a good Platform for students to showcase their talents and creativity.

I congratulate the crew for their effort and hope the magazine will be a successful in all it's way. I wish all the very best for your endeavour.

Bijumon

PTA president

# ആമുഖം

ആധുനിക യുഗത്തിന്റെ അത്ഭുതമാണ് വിവരസാങ്കേതികവിദ്യ . കുട്ടികളെ ഈ അത്ഭുത ലോകത്തേക്ക് കൈപിടിച്ചുയർത്താൻ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ മികച്ച സംരംഭങ്ങളിൽ ഒന്നാണ്  ലിറ്റിൽ കൈറ്റ്സ്. ഈ സ്കൂൾ വർഷത്തെ കൊച്ചു മിടുക്കരുടെ ഭാവനാ ലോകത്തെ "വൈഖരി" എന്ന ഈ മാഗസിനിലൂടെ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു. ഈ സംരംഭത്തിന് വേണ്ട താങ്ങും തണലും നൽകി സഹായിച്ച ഏവർക്കും നന്ദിയുടെ നറുമലരുകൾ.



# Editor

RAMMOHAN M



## Sub editior

Devanand leju
Harini.M
Renjini .
Arjun T.S

## Crew Members

Abhiram B
Pranav P V
Annai Monika
Sreehari B
Suryadev K.S

## PARTICIPATORS

Adarsh joby
Ganesh moorthy
Govind Omanakuttan
Athulkrishna
Krishnajith S
Lachi Kumari
Dhanusree.S
Chandralekha Bose
Alshin M.arun
sreeganesh P B
Rakesh Kumar P
Lachikumari P

# ഉള്ളടക്കം


1 ചരിത്രം

2 പഴഞ്ചൊല്ലുകൾ

3 India's solar Mission

4 Biography-Jim Kay

5 ഉദ്ധരണികൾ

6 ചൊല്ലുകൾ

7 കവിത

8 Be Inspired

9 Tongue Twisters

10 Poem

11 Story

12 ജീവചരിത്രകുറിപ്പ്

13 Indian cities/nick names






# ചരിത്രം

അക്ഷരനഗരിയായറിയപ്പെടുന്ന കോട്ടയം നഗരത്തിലെ പുരാതനമായ ഒരു സരസ്വതീക്ഷേത്രമാണിത്. 1930മെയ്25ന് ഈ വിദ്യാലയത്തിന് ഹരിശ്രീ കുറിച്ചു. നായർസമാജം വക ഒരു സാധാരണ മലയാളം മീഡിയംപള്ളിക്കൂടമായിട്ടായിരുന്നു തുടക്കം.1936ൽ മഹാത്മജിയുടെ പാദസ്പർശം കൊണ്ട് ധന്യമായ മണ്ണ്.1964ൽ സമുദായാചാര്യൻമന്നത്തു പത്മനാഭൻനേരിട്ട് എത്തി സ്ക്രൂൾഏറ്റെടുത്ത്എൻ.എസ്.എസ് നെ ഏല്പിച്ചു.1600ൽപരം കുട്ടികളും 60ഓളം അധ്യാപകരും അന്നുണ്ടായിരുന്നു. ഇംഗ്ലീഷ് മീഡിയം വിഭാഗവും ആരംഭിച്ചു.പ്രഗത്ഭരും പ്രശസ്തരുമായ നിരവധി വ്യക്തികളെ വാർത്തെടുത്ത വിദ്യാലയമാണിത്.സാമൂഹ്യ-സാംസ്ക്കാരികരികരംഗങ്ങളിൽ തിളങ്ങി നിന്ന വിദ്യാലയം.ഇൻഡ്യയിലാദ്യമായി സഞ്ചയിക പദ്ധതി വിജയകരമായി പ്രവർത്തിച്ചു.ഇൻഡ്യൻസ്ക്രൂളുകൾക്ക് ഇതൊരു മാതൃകയായിരുന്നു.ഇവിടുത്തെ പ്രവർത്തനശൈലി കേന്ദ്രഗവൺമെൻറിന്റെ ഫിലിം ഡിവിഷൻ പതിന്നാല് ഭാഷകളിലായി ഇൻഡ്യയിലൊട്ടാകെ പ്രദർശിപ്പിച്ചു.കേന്ദ്രവിദ്യാഭ്യാസവകുപ്പുമന്ത്രി സ്ക്രൂൾ സന്ദർശിച്ച് ഹൃദയംഗമമായ അഭിനന്ദനനങ്ങൾരേഖപ്പെടുത്തി. ഹെഡ്മാസ്ററർക്ക് ദേശീയപുരസ്കാരവും ലഭിക്കുകയുണ്ടായി.

## ഭൗതികസൗകര്യങ്ങൾ

ഒന്നരഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 3 കെട്ടിടങ്ങളിലായി ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് 2 കെട്ടിടങ്ങളിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി



ഏകദേശം 25 കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.പ്രൊജക്ററും,അനുബന്ധഉപകരണങ്ങളും,ഉണ്ട്. എൻസൈക്ളോപീഡിയ, ബ്രിട്ടാനിക്ക തുടങ്ങിയ മഹത്ഗ്രന്ഥങ്ങളടങ്ങിയ വിപുലമായ ഒരു ലൈബ്രറിയും സയൻസ് ലാബും സ്കൂളിനുണ്ട്.

## ക്ലബ്ബുകൾ

ലിറ്റിൽകൈറ്റ്സ്
ഗ്രന്ഥശാല
എൻ.എസ്.എസ്
സ്കൗട്ട് & ഗൈഡ്സ്
ജൂനിയർ റെഡ് ക്രോസ്
വിദ്യാരംഗം
സോഷ്യൽ സയൻസ് ക്ലബ്ബ്
സയൻസ് ക്ലബ്ബ്
ഗണിത ക്ലബ്ബ്
പരിസ്ഥിതി ക്ലബ്ബ്
ആർട്സ് ക്ലബ്ബ്
സ്പോർട്സ് ക്ലബ്ബ്
ആനിമൽ ക്ലബ്ബ്
ഫിലിം ക്ലബ്ബ്
സ്ക്രൾവിക്കി ക്ലബ്ബ്
ഐറ്റി ക്ലബ്ബ്
ലഹരി വിരുദ്ധക്ലബ്ബ്
ഇലക്ട്രൽ ലിറ്ററസി ക്ലബ്ബ്

# കുട്ടികളുടെ രചനകൾ

## പഴഞ്ചൊല്ലുകൾ

1. ഉപ്പ് തിന്നവൻ വെള്ളം കുടിക്കും.
2. കാര്യം കാണാൻ കഴുതക്കാലും പിടിക്കണം.
3. ഇക്കരെ നിൽക്കുമ്പോൾ അക്കരപ്പച്ച.
4. ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം.
5. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.
6. കരയുന്ന കുഞ്ഞിനെ പാലുള്ളൂ.
7. ഐക്യമത്യം മഹാബലം.
8. അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയും.
9. എലിയെ തോൽപ്പിക്കാൻ ഇല്ലം ചുടുക.
10. കിട്ടാത്ത മുന്തിരി പുളിക്കും.
11. കുരയ്ക്കും പട്ടി കടിക്കില്ല.
12. മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.
13. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
14. കാണം വിറ്റും ഓണം ഉണ്ണണം.
15. മിന്നുന്നതെല്ലാം പൊന്നല്ല.
16. ഇഷ്ടമല്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം.
17. ആന കരിമ്പിൻ തോട്ടത്തിൽ കയറിയത് പോലെ.
18. ചന്ദനം ചാരിയാൽ ചന്ദനം മണക്കും ചാണകം ചാരിയാൽ ചാണകം മണക്കും.
19. അടയ്ക്ക ആയാൽ മടിയിൽ വയ്ക്കാം അടയ്ക്കാമരം ആയാലോ.
20. അടിതെറ്റിയാൽ ആനയും വീഴും.
21. കഥയിൽ ചോദ്യമില്ല.
22. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
23. ആന കൊടുത്താലും ആശ കൊടുക്കരുത്.
24. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.
25. പണത്തിന മീതെ പരുന്തും പറക്കില്ല.
26. കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്.
27. മടിയൻ മല ചുമക്കും.
28. കാക്ക കുളിച്ചാൽ കൊക്ക് ആകുമോ?
29. കുന്തം പോയാൽ കുടത്തിലും തപ്പണം.
30. അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിയും കുടപിടിക്കും.




ശ്രീഹരി എം ബി
IX A

# India’s Solar Mission - ISRO’s Aditya L1



Aditya L1 is India's first solar mission. Developed by Indian Space Research Organisation (ISRO), Aditya L1 spacecraft will carry 7 instruments to study the Sun's atmosphere. The mission is scheduled to launch on Saturday, September 2, 2023 at 11.50 am.

Aditya L1 will serve as India's first space mission dedicated to examining the Sun. Positioned within a halo orbit encircling Lagrange point 1 (L1) in the Sun-Earth system, approximately 1.5 million kilometers from Earth, this spacecraft offers a distinct advantage by maintaining an uninterrupted view of the Sun, free from any eclipses. This unique vantage point enables real-time observations of solar activities and their influence on space weather.

The spacecraft carries a complement of seven payloads, each designed to scrutinize various aspects of the Sun, including the photosphere, chromosphere, and the outermost layer, known as the corona, using a combination of electromagnetic, particle, and magnetic field detectors.

The Aditya L1 payloads are expected to yield crucial insights into several phenomena of the solar giant SUN, such as coronal heating, coronal mass ejections, pre-flare and flare activities, space weather dynamics, and the propagation of particles and fields. These findings will significantly contribute to our understanding of these complex solar processes.



Jim Kay is a British illustrator and printmaker from Northamptonshire, England, who won the Kate Greenaway Medal in 2012 for his illustrations for the book A Monster Calls by Patrick Ness. He was selected personally by J. K. Rowling to present colour illustrations of every title in the Harry Potter series. Kay's first love was for art and for natural history, in particular for botany and entomology and its relationship with the environment. He attended the University of Westminster at the Harrow Campus, a vantage point for views of London in the smog which had been used by Victorian painters. He's illustrated many books for children and young adults since then, and in 2012 he won the Kate Greenaway Medal for his work in A Monster Calls written by Patrick Ness.

From 2013 he worked solely on illustrating the first five Harry Potter books by J K Rowling. His brief was to bring a whole new identity to the series with no reference to the films, so he found a new cast of children and adult models, he produced classical portraits and inspiring magical interiors, distant vistas, fabulous beasts and impeccably observed artefacts.

It was an intense experience and he has charmed and delighted readers worldwide but gradually his mental illness brought that to an end. He was grateful for such an extraordinary opportunity but he will now take a rest from illustration and place more attention on his health and family.

Kamalesh G

## For The DayQuote

1.Well done is better than well said.
2.The only way to do great work is to love what you do.
3.A mistake which makes you humble is much better than an achievement that makes you arrogant .
4.A word of encouragement after failure is worth more than an hour of praise after success .
5.A warm smile is a universal language of kindness.





## QUOTABLE QUOTES

- "Be the change that you wish to see in the world".
  Mahatma Gandhi
- "Some books are to be tasted ,others to be swallowed ,and some few to be chewed and digested". Francis Bacon
- Be thankful for what you have ;you'll end up having more.If you concentrate on what you don't have ,you will never,ever have enough"
- Oprah Winfrey.
- "Love begins at home ,and it is not how much we do.............but how much love we put in that action". Mother Theresa
- "The only way to have a friend is to be one".
- Ralph Waldo Emerson

# പഴഞ്ചൊല്ലുകൾ


1. എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം.
2. പയ്യെത്തിന്നാൽ പനയും തിന്നാം.
3. പട പേടിച്ച് പന്തളത്ത് ചെന്നപ്പോൾ പന്തം കൊളുത്തി പട.
4. പട്ടിയുടെ വാൽ പന്തീരാണ്ട് കൊല്ലം കുഴലിൽ ഇട്ടാലും നിവരില്ല.
5. മൂത്തവർ ചൊല്ലും വാക്കും മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും.
6. കാള പെറ്റന്ന് കേട്ട് കയർ എടുക്കരുത്.
7. കാക്ക കുളിച്ചാൽ കൊക്ക് ആകുകയില്ല.
8. ഉന്തി മരം കേറ്റിയാൽ നെഞ്ചു തൊലിയും.
9. ചൊട്ടയിലെ ശീലം ചുടല വരെ.
10. പത്തായത്തിൽ നെല്ലുണ്ടെങ്കിൽ എലി ഏറനാട്ടിൽ നിന്നും വരും.
11. പ്രായമായാലും അണ്ണാൻ മരം കേറ്റം മറക്കില്ല.
12. അണ്ണാറക്കണ്ണനും തന്നാലായത്.
13. ആന കരിമ്പിൻ തോട്ടത്തിൽ കയറിയത് പോലെയായി.
14. തീയിൽ കുരുത്തത് വെയിലത്ത് വാടില്ല.
15. പഴഞ്ചൊല്ലിൽ പതിരുണ്ടേൽ പഴങ്കഞ്ഞിക്ക് തീപിടിക്കും.

അഭിരാം ബി



Harini

# കരിമ്പനാന



കറുത്തു നീ നിൻ
ചേലൊന്ന് കാണ്മാൻ
ആയിരം ആൾവരും
വെളുത്തപല്ലുമായി
ആയിരം പേർ.
ജീവൻ എടുത്തീടുന്നു
ദേവതൻ തിടമ്പേറ്റും
നിന്നെക്കാണ്മതിന്
ഒരായിരം പേർ വരും

## ഒരുസെൻകഥ



ഗുരു ശിഷ്യർക്കു മുന്നിലെത്തി
അന്നേരം കിളിവാതിലിലൊരു
പക്ഷിവന്നിരുന്നു
അതു പാടാൻ തുടങ്ങി
അവർ ആ പാട്ടിൽ ലയിച്ചിരുന്നു
പക്ഷി പറന്നുപോയപ്പോൾ ഗുരു പറഞ്ഞു .
ഇനി പൊയ്ക്കോളൂ , ഇന്നത്തെ അധ്യയനം കഴിഞ്ഞു.

-സെൻകഥ

രഞ്ജിനി.കെ


# Be Inspired”



The father of the ‘white revolution’, Dr Varghese Kurian , who transformed India from a milk – deficient country to the world’s largest milk producer, was well known for his Insistence on punctuality. He was always on time and demanded the same of others .If someone arrived late for a meeting he would simply say ,’Gentleman, that is the door’.










TONGUE TWISTER

*Peter Piper picked a peck of pickled peppers.
*Betty Botter bought some Butter.
*How much wood would a woodchuck chuck.if a woodchuck could chuck wood?
*How can a clam cram in a clean cream can?



saran s

## THE SUN AND THE MOON

The sun shines bright as yellow
I stood down the meadow
The sun is hot and mellow
The sun is sky’s endow

The moon shines bright and white
I stood by the sight of the light
The moon is pale and gleaming
The moon is dark sky’s
endow



## DAL

When I see you I feel pleasure
in my heart
I’m dreameing the momemnt
with you
You posses me with yours
beauty
Ilive thinking that you are
with me

Annai monika
class 9



Rakesh kumar

# PATIENCE AND PERSISTENCE CAN WIN:

Once upon a time in a village, there was a young boy named Kofi. Kofi was known for being impulsive and often acted without thinking things through. One day ,he came across an old man who was sitting under a tree ,craving a beautiful wooden figure. Curious Kofi asked the old man how he had become so skilled at craving. The old man smiled and told Kofi that it took years of practice and patience to master the art of craving. He advised Kofi to be patient and persistent in whatever he chose to do.But Kofi brushed -off the old man's advice ,thinking he knew better .He continued to act impulsively and often found himself in trouble.However,each time he faced a challenge ,he remembered the old man's word's about patience and persistence.

As time passed, Kofi began to realize the wisdom in the Oldman's advice .He started to approach things with more patience and thoughtfulness ,and soon he began to see positive changes in his life. He even discovered a talent for carving ,which he nurtured with dedication and perseverance. From then on ,Kofi learned to value the wisdom of those who had more experience than him and understood the importance of patience and persistence in achieving his goals ,And as he grew older ,he became known as one of the most skilled carvers in the village.

The Moral of the Story :-Patience and persistence are important keys to success ,and it's important to listen to the wisdom of those who have walked the path before us.

KASIVISHWANATH



# അമ്മ

വതിവുപോലെ അമ്മയുടെ ശ്രാദ്ധദിനം രാജുവിനെ വിളിച്ച് ശാന്തിസദനം ലക്ഷ്യമാക്കി വണ്ടിയോടിക്കാൻ പറയുമ്പോൾ കഴിഞ്ഞവർഷം ഇതേ ദിവസം ഉണ്ടായ അനുഭവമാണ് ഓർമ്മയിൽ തെളിഞ്ഞത് അന്ന് ശാന്തിസദനത്തിലെ അച്ഛനമ്മമാർക്കുള്ള സമ്മാനങ്ങളും ഭക്ഷണവുമായിചെന്നതായിരുന്നു.
അച്ഛനമ്മമാരെ കാണാനും അവരുമായി കുറച്ചുസമയം ചെലവിടാനുമുള്ള അനുവാദം നേരത്തേതന്നെ ലീലാമാധത്തിനോട് വാങ്ങിയിരുന്നു.

ചെന്നപ്പോൾ മുതൽ തന്നെ സദനത്തിന്റെ വലിയ വരാന്തയുടെ തൂണിൽ ചാരി ഒരമ്മ ഇരിക്കുന്നുണ്ടായിരുന്നു. കണ്ടാൽ ഒന്നുകൂടി നോക്കാൻ തോന്നുന്ന പ്രകൃതം അത്രയ്ക്ക് സുന്ദരിയായിരുന്നു ആ അമ്മ. എന്നാൽ ദുഃഖം തളം കെട്ടിയ മുഖവുമായി ആരെയോ തിരയുന്ന ആ വലിയ കണ്ണുകൾ കലങ്ങിയിരുന്നു. ലീലമാധവുമായി ചെന്ന് അച്ഛനമ്മമാരെ കണ്ടു. അവരുടെ സങ്കടങ്ങളും നെടുവീർപ്പും കഥകളും പാട്ടുകളുമായി നേരം പോയത് അറിഞ്ഞില്ല. ഉച്ചഭക്ഷസമയമായി എന്നറിയിച്ചുകൊണ്ട് മണി മുഴങ്ങി അവരെയും
കൊണ്ട് ഊണുമുറിയിലേക്ക് നടന്നു. അപ്പോഴും ആ അമ്മ വരാന്തയിലെ തൂണിൽ ചാരിയിരിക്കുന്നുണ്ടായിരുന്നു.

ഉടനെവരാം എന്നു പറഞ്ഞ് ആ അമ്മയുടെ സമീപത്ത് ചെന്നിരുന്നു. ആരെയാണ് അമ്മ കാത്തിരിക്കുന്നത്, എന്ന് ചുളിവുകൾ വീണ ആ കയ്യുകൾ തലോടിക്കൊണ്ട് ചോദിച്ചു. മറുപടിയായി നീണ്ട ഒരു നെടുവീർപ്പും ഏങ്ങലടിച്ചുള്ള കരച്ചിലും ആയിരുന്നു.

ഏറെ നേരമായിട്ടും എന്നെ കാണാത്തതിനാലാകാം ലീലമാധം വന്നത്. അമ്മയെ ബുദ്ധിമുട്ടിക്കണ്ട ഒറ്റയ്ക്ക് ഇരുന്നോട്ടെ, ഗീത വരൂ കാര്യങ്ങൾ ഞാൻ പറയാം എന്നറിയിച്ചു. അമ്മയെ ചേർത്തു പിടിച്ച് പിന്നെ വരാട്ടോ എന്നറിയിച്ച് മാധത്തോടൊപ്പം നടക്കുമ്പോൾ അവർ തുടർന്നു.

ഒരു ധനിക കുടുംബത്തിലെ ഉയർന്ന സർക്കാർ ഉദ്യോഗസ്ഥയായിരുന്നു മാലതി എന്ന ആ അമ്മ. ഒറ്റ മകനായിരുന്നു അവർക്ക്. മകന് 5 വയസ്സാകും മുൻപേ ഭർത്താവിനെ അവർക്ക് നഷ്ടമായി .

മകനെ പഠിപ്പിച്ച് ഉന്നത നിലയിൽ എത്തിക്കുക എന്നതായിരുന്നു പിന്നീട് അവരുടെ ജീവിതലക്ഷ്യം. അതിനായി തന്റെ ജോലിപോലും ഉപേക്ഷിച്ചു.മകൻ പഠിച്ച് ഡോക്ടറായി. വിദേശത്ത് ജോലിയായി. അവിടെ വച്ച് കൂടെ ജോലിചെയ്യുന്ന പെൺകുട്ടിയെ വിവാഹവും കഴിച്ചു. ഒന്നിനും ആ അമ്മ എതിരല്ലായിരുന്നു. മകന്റെ സന്തോഷമായിരുന്നു അവർക്ക് വലുത്. എന്നാൽ മരുമകൾക്ക് താനൊരു ബുദ്ധിമുട്ടാകുന്നുണ്ടോ എന്ന ഒരു തോന്നൽ അവർക്ക് ക്രമേണ തോന്നിത്തുടങ്ങി . സാരമില്ല എല്ലാം വെറും തോന്നലുകൾ മാത്രമാണെന്നു മനസ്സിനെ വിശ്വസിപ്പിച്ചു മാത്രമല്ല മകനെന്നും തനിക്ക് തണലാകും എന്ന വിശ്വസവും ഉണ്ടായിരുന്നു.
പേരക്കുട്ടിയുടെ ജന്മദിനം ഏതെങ്കിലും ശരണാലയത്തിൽ ആഘോഷിച്ചാലോ എന്ന അമ്മയുടെ ആഗ്രഹം മകൻ സന്തോഷത്തോടെ സമ്മതിച്ചു. അമ്മക്ക് ലോകം കീഴടക്കിയ സന്തോഷമായിരുന്നു അന്ന്. പിറന്നാൾ ദിനം ആഘോഷിക്കാനായി ഒരുങ്ങുമ്പോൾ കുറച്ചു ഡ്രസ്സുകൾ കൂടി എടുത്തോളൂ അമ്മേ നമ്മുക്ക് ഒരു യാത്രയുണ്ട് എന്നു മകൻ പറഞ്ഞതനുസരിച്ച് ബാഗിൽ മരുന്നും മറ്റെല്ലാമെടുത്ത് അടുക്കിവച്ചു.

ശാന്തിസദനത്തിനു മുന്നിൽ വണ്ടി നിന്നപ്പോൾ അമ്മ അല്പസമയം ഇവിടെ വിശ്രമിക്കണേ ഞങ്ങൾ വേണ്ടസാധനങ്ങൾ വാങ്ങിവരാട്ടോ എന്നറിച്ച് അമ്മയെ കയ്യിൽ പിടിച്ച് വണ്ടിയിൻനിന്ന് ഇറക്കി.ഒരു കയ്യിൽ അമ്മയും മറുകയ്യിൽ അമ്മ തന്നെ തയ്യാറാക്കിവച്ച ബാഗുമായി നേരെ ഓഫീസിലേക്ക് മരുമകൾ നേരത്തെതന്നെ കാര്യങ്ങൾ ലീലാമാഡത്തെ അറിയിച്ചിരുന്നു.അമ്മയെനോക്കണം , മാസംതോറും ഒരു വലിയ തുക അയച്ചുതരാമെന്നും അറിച്ചിരുന്നു . അതനുസരിച്ച് കാര്യങ്ങൾ വേഗം നടന്നു കിട്ടി.അമ്മയുടെ ബാഗ് മാഡത്തെ ഏൽപ്പിച്ച് തിരിഞ്ഞുപോലും നോക്കാതെ ആ മകൻനടന്നകന്നു

ഞാനവിടെ ചെല്ലുന്നതിന് ഏകദേശം ഒരു മണിക്കുർ മുമ്പ് ഉണ്ടായ സംഭവമായിരുന്നു അത്. ഒരിക്കലും തിരിച്ചുവരാത്ത മകനെയാണ് ആ അമ്മയുടെ കണ്ണുകൾ തിരയുന്നത് എന്നറിഞ്ഞപ്പോൾ അറിയാതെ കണ്ണുകൾ നിറഞ്ഞൊഴുകി മാഡത്തിന്റെ വാക്കുകൾ കണ്ണുനീർ തുടച്ചുകൊണ്ടാണ് കേട്ടത്. ഇതുപോലെ ഉറ്റയവരും ഉടയവരും ഉപേക്ഷിച്ചവരാണ് ഗീതേ ഇവരെല്ലാം. കയ്യാണോ കാലാണോ വളരുന്നത് എന്നു നോക്കി നെഞ്ചോട് ചേർത്ത് വളർത്തിയ മക്കൾ എന്തേ ഇങ്ങനെ മാറിയത്? അക്ഷരാഭ്യാസം കൂടിയതോ ശാസ്ത്രസാങ്കേതിക വളർച്ചയോ സാമ്പത്തിക സാമുഹിക മാറ്റങ്ങളോ മൂല്യച്ച്യുതിയോ എന്നറിയില്ല പണ്ടെങ്ങോ കേട്ടവാക്കുകൾ ഓർത്തുപോയി, മക്കൾ ഉണ്ടാകണേ എന്നേ പ്രാർത്ഥിച്ചോള്ളു,നല്ല മക്കൾ വേണം എന്ന് പ്രാർത്ഥിക്കൻ മറന്നു .

എന്നാൽ പോയാലോ ഗീതേച്ചി എല്ലാം റെഡി,വണ്ടിയിൽ കയറിക്കോളൂ. രാജുവിന്റ വാക്കുകൾ ചിന്തയിൽ നിന്നുണർത്തി.

ശാന്തി സദനത്തിലേക്കുള്ള യാത്രയിൽ ഇനി ഒരമ്മക്കും മാലതിയമ്മയുടെ അനുഭവം ഉണ്ടാകരുതേ എന്ന പ്രാർത്ഥനയായിരുന്നു. മനുഷ്യൻ വളരുന്നതിനനുസരിച്ച് അവന്റെ മനസ്സ് ചെറുതാകുന്നു.എന്താണ് ഇവിടെ ഉണ്ടാകുന്നത്? കൺകണ്ട ദൈവം ആയ അമ്മ എന്ന മഹാസത്യം മനസിലാക്കാൻ ഇനി എത്രനാൾകൂടിവേണ്ടിവരും ...... ദൈവമേ.

ആശ ഉണ്ണി

# INDIAN CITIES & THEIR NICKNAMES

| | | |
|---|---|---|
| Amritsar | - | Golden City |
| Ahemdabad | - | Mancheter of India |
| Mumbai | - | City of Sevan Island |
| Cochin | - | Queen of Arbain of sea |
| Banglore | - | Space City |
| Banglore | - | Garden City of India |
| Banglore | - | Silicon Valley of India |
| Banglore | - | Electronic City of India- |
| Jaipur | - | Pink City |
| Jodhpur | - | Blue City |
| Mumbai | - | Gate Way of India\ |
| Madurai | - | City of Festival |
| Pune | - | Deccan Queen |
| Kolkatta | - | City of Festivals |
| Andhra Pradesh | - | Egg Bowl of Asia |
| Madhya Pradesh | – | Soya region |
| Coimbatore | - | Manchester of the South |
| Lucknow | - | city of nawabs |
| Cochin | - | Venice of the east |
| Mussorie | - | Queen of the Mountains |
| Mumbai | - | hollywood of india |
| Kolkata | - | City of Castle |
| Kerala | - | Spice Gargen of India |

Adithyan.A

# ജീവചരിത്രകുറിപ്പ്

## ജവഹർലാൽ നെഹ്റു [1889-1964]

അലഹാബാദിൽ 1889 നവംബർ 14 ന ജനിച്ചു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി. പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി. 1912ൽ ഇന്ത്യയിൽ തിരിച്ചെത്തി സ്വാതന്ത്ര്യസമരത്തിന നേതൃത്വം നൽകി. പല പ്രാവശ്യം ജയിലിൽകഴിയേണ്ടിവന്നു. ഇന്ത്യയെകണ്ടെത്തൽ,ഒരച്ഛൻ മകൾക്ക് അയച്ചകത്തുകൾ തുടങ്ങിയവ പ്രധാന കൃതികൾ.

ധനശ്രീ

## ജോസഫ് മുണ്ടശ്ശേരി [1903-1977]

തൃശൂരിലെ കണ്ടശ്ശാംകടവിൽ ജനനം.സാഹിത്യവിമർശകൻ ,അധ്യാപകൻ, വാഗ്മി, വിദ്യാഭ്യാസ മന്ത്രി എന്നീ നിലകളിൽ ബഹുമുഖമായ വ്യക്തിത്വത്തിനുടമ കൊഴിഞ്ഞഇലകൾ [ആത്മകഥ] കാവ്യപീഠിക, നാടകാന്തം, കവിത്വം, മാറ്റൊലി,വായനശാലയിൽ [നാലുഭാഗങ്ങൾ], മാനദണ്ഡം, പ്രൊഫസർ, കൊന്തയിൽനിന്ന്കുരിശിലേക്ക്, പാറപ്പുറത്തു വിതച്ച വിത്ത് തുടങ്ങിയവ പ്രധാന കൃതികൾ.

ലച്ചി കുമാരി പദ്മരാം

## സി.എച്ച്. കുഞ്ഞപ്പ [1907-1980]

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി,ചന്ത്രാത്ത് ജനിച്ചു. വിവർത്തകൻ,ഗദ്യകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. പത്രാധിപരായും അധ്യാപകനായും പ്രവർത്തിച്ചിട്ടുണ്ട്. ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥ,ഇന്ത്യയെകണ്ടെത്തൽ തുടങ്ങിയവ വിവർത്തനം ചെയ്തു. ജവഹർലാൽ നെഹ്റു [ജീവചരിത്രം], സ്മരണകൾ മാത്രം [ആത്മകഥ] തുടങ്ങിയവ കൃതികൾ.

ഹരിണി

## ഉറുബ് [പി.സി.കുട്ടികൃഷ്ണൻ]1915-1979]

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം.കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു.കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു ഉമ്മാച്ചു,അമ്മിണി, സുന്ദരികളും സുന്ദരന്മാരും, മിണ്ടാപ്പെണ്ണ്,അണിയറ,മൗലവിയും ചങ്ങാതിമാരും, ഗോപാലൻ നായരുടെ താടി,രാച്ചിയമ്മ,അപ്പുവിന്റ ലോകം തുടങ്ങിയവ പ്രധാന കൃതികൾ

ചന്ദ്രലേഖ ബോസ്

DRAWING




thank you